ന്യൂഡൽഹി: കേന്ദ്ര റെയിൽവെ സഹമന്ത്രി ഇ. അഹമ്മദ് ഡൽഹിയിലെ ഔദ്യോഗിക വസതിയിൽ നടത്തിയ ഇഫ്താർ വിരുന്നിൽ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗ്, യു.പി.എ. ചെയർപേഴ്സൺ സോണിയ ഗാന്ധി, ഉപരാഷ്ട്രപതി ഹാമിദ് അൻസാരി തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

ലോക്സഭാ സ്പീക്കർ മീരാ കുമാർ, രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ കെ. റഹ്മാൻ ഖാൻ, സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, കേന്ദ്രമന്ത്രിമാരായ പ്രണബ് മുഖർജി, എ.കെ. ആന്റണി, പവൻകുമാർ ബൻസൽ, വിലാസ്റാവു ദേശ്മുഖ്, മമതാ ബാനർജി, എം.എസ്.ഗിൽ, ഫാറൂഖ് അബ്ദുള്ള, കൃഷ്ണ തീരത്ത്, സുൽത്താൻ അഹമ്മദ്, എം.പി.മാരായ ഇ.ടി. മുഹമ്മദ് ബഷീർ, അബ്ദുറഹിമാൻ, നവീൻ ജിന്റൽ, അസ്ഹറുദ്ദീൻ, മുൻകേന്ദ്രമന്ത്രി സൈഫുദ്ദീൻ സോസ്, ഡോ. എം. കെ. മുനീർ, പി. വി. അബ്ദുൽ വഹാബ്, വി.കെ. ഇബ്രാഹിംകുഞ്ഞ്, നാഷനൽ സെക്യൂരിറ്റി അഡ്വൈസർ ശിവശങ്കർ മേനോൻ, ചീഫ് ഇലക്ഷൻ കമ്മീഷണർ എസ്.എം. ഖുറൈഷി, ചീഫ് ഇൻഫർമേഷൻ കമ്മീഷണർ വജാഹത്ത് ഹബീബുള്ള, ഹോംസെക്രട്ടറി ജി.കെ. പിള്ള, ലോക്സഭാ സെക്രട്ടറി ജനറൽ പി.ഡി.റ്റി. ആചാരി, രാജ്യസഭാ സെക്രട്ടറി ജനറൽ അഗ്നിഹോത്രി, വിവിധ അറബ് രാജ്യങ്ങളിലെ അംബാസഡർമാർ, ഒമാനിലെ ഇന്ത്യൻ അംബാസഡർ വധ്വ, ഖത്തറിലെ ഇന്ത്യൻ അംബസഡർ ദീപ വധ്വ, വി.പി. വമ്പൻ, അഹമ്മദ് അടിയോട്ടിൽ, റസാക്ക് മൂഴിക്കൽ, സി.പി.കുഞ്ഞിമുഹമ്മദ് തുടങ്ങിയവർ ഇഫ്താർ വിരുന്നിൽ പങ്കെടുത്തു. മന്ത്രി ഇ. അഹമ്മദ്, അദ്ദേഹത്തിന്റെ മക്കളായ റഈസ് അഹമ്മദ്, നസീർ അഹമ്മദ്, ഡോ.ഫൗസിയ ഷെർസാദ് എന്നിവർ അതിഥികളെ സ്വീകരിച്ചു.

മഗ്രിബ് നമസ്കാരത്തിന് ന്യൂഡൽഹി പാർലമെന്റ് ജുമാ മസ്ജിദ് ഇമാം മുഹിബുല്ല നദവി നേതൃത്വം നൽകി.